# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 26

## St. Antony's LPS Koodalloor

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകും എന്ന് ഉറപ്പാണ്. എല്ലാക്ഷണീക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന സെന്റ് ആന്റണീസ് എൽ പി സ്കൂൾ കൂടല്ലൂർ സജീവമായ പിടിഎ എം പി ടി എ അധ്യാപക സംഘം രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന് ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്

പിടിഎ പ്രസിഡന്റ്

എം പി ടി എ

എസ് ആർ ജി

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും .
- സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.
- ഓരോ ടീമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും. ഇതിനായി ക്ലാസ് പിടിഎ കൾ ചേരും.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ട് ആയി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക് സീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- വിദ്യാലയം ഹൈടെക് ആക്കി മാറ്റുക.
- കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
- പോക്സോ സംബന്ധമായ ബോധവൽക്കരണം.
- രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| | നേട്ടങ്ങൾ | പരിമിതികൾ |
|---|---|---|
| •<br>•<br>•<br>•<br>•<br>•<br>• | അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടസമുച്ചയം.<br>മികച്ച ലൈബ്രറി കമ്പ്യൂട്ടർ പഠനസൗകര്യം.<br>കലാപഠനം പ്രവർത്തി പരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.<br>സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>പാടിയതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ് ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം ഇല്ല.<br>• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐടി അധിഷ്ടിത പഠനം എന്ന നിലയിലേക്ക് ക്ലാസ് പ്രവർത്തനങ്ങൾ ഒരുക്കാൻ ആയിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടറിൽ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്. |

# ലക്ഷ്യങ്ങൾ

## ഭാഷ വികസനം

1. എല്ലാ കുട്ടികളെയും അർജുപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷ ശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.
8. ആശയ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ക്ലാസ് സ്ഥലമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

1. ശാസ്ത്ര പഠനത്തെ താല്പര്യം വളർത്തുക.ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക.
4. ആധുനിക സൗകര്യത്തോടെ ലാബ് സജ്ജമാക്കുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവർത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവർത്തിപരിചയം അനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിന് മാലിന്യമുക്തമാക്കുക ഹരിതാഭം ആക്കുക.

## വിലയിരുത്തൽ രേഖപ്പെടുത്തൽ അക്കാദമിക മോണിറ്ററിംഗ്

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്.പഠനം കേവലം ലക്ഷ്യബദ്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതും ആകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനസംഘടനക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

• അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.

• കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നത് അതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.

• ശ്രദ്ധ ആകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

• വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ(PTA, HM, SRG,) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ :

• തീയതി നിശ്ചയിച്ച സന്ദർശനം.

- ഡയറ്റ്, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

• മോണിറ്ററിംഗ് ഉപാധികൾ.

- യൂണിറ്റ് വൈസ് മോണിറ്ററിംഗ് ഫോർമാറ്റ് : ഒന്നാം ഭാഗം പഠനഫലങ്ങൾ പ്രവർത്തനങ്ങൾ ചോദ്യങ്ങൾ പോയിന്റുകൾ എന്നിവ.
- പോർട്ട് ഫോളിയോ എവിഡൻസ് : കുട്ടികളുടെ പ്രവർത്തനങ്ങൾ ചിത്രങ്ങൾ വിലയിരുത്തൽ രേഖകൾ.
- നോട്ട്ബുക്ക് എൻട്രി ചെക്ക് ലിസ്റ്റ് : ക്ലാസിലെ റിവ്യൂ, ഓൺ ദ സ്പോട്ട് വിലയിരുത്തൽ.

- ഒബ്സർവേഷൻ ടൂൾ : കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

## വിലയിരുത്തൽ

• കുട്ടികളുടെ പ്രതികരണങ്ങൾ പഠന ലഘു ചിത്രങ്ങൾ പോർട്ട്ഫോളിയോ നോട്ട് ബുക്കുകൾ എന്നിവ പരിശോധിക്കുക.

• അധ്യാപകരുടെ ടെസ്റ്റ് ബുക്ക് ഡയറികൾ യഥാസമയം എഴുതിവെച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.

• റീഡേഴ്സ് തിയേറ്റർ ഗ്രൂപ്പ് പ്രവർത്തനങ്ങൾ ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം സാമൂഹ്യ ഭാഷാ വികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.

• അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

## വികാസപ്രദ വിലയിരുത്തൽ

വികാസപ്രത വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവും ആണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ് പ്രക്രിയ ശേഷി പങ്കാളിത്തം ആശയവിനിമയം ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ.KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചയ്ക്കായാണ് വിലയിരുത്തലിന്റെ മുഖ്യ ഭൂമി.

## പ്രവർത്തന ലക്ഷ്യങ്ങൾ :

- കുട്ടിയുടെ പഠന പ്രവർത്തിയിൽ പങ്കാളിത്തം ധാരണ പ്രകടനം രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തൽസമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠന നടപടികൾ വിലയിരുത്താനും മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവന വൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

**വിലയിരുത്തൽ മാർഗ്ഗങ്ങൾ :**

- **നിരീക്ഷണം**

  • അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ ചെക്ക് ലിസ്റ്റ്.

- **അഭിമുഖം**

  • കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം

- **റേറ്റിംഗ് സ്കെയിൽ**

  • പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ ഒന്നു മുതൽ അഞ്ച് വരെ സ്കോർ ചെയ്യുക.

- **കേസ് സ്റ്റഡി/ ഡയറി നോട്ടുകൾ**

  • വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം : 1**
**പേര് : പുസ്തകം എന്റെ ചങ്ങാതി**
**ഉപ മേഖല : വായന**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ ആഭി രുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അധ്യാപകർ | 1000 |
| | | | | |

**പ്രവർത്തനം : 2**

**പേര് : എന്റെ പിറന്നാൾ പുസ്തകം**

**ഉപ മേഖല : വായന**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സുകളിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു.പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്അധ്യാപകർ | |

**പ്രവർത്തനം : 3**

**പേര് : ഉച്ചഭാഷിണി വായന**

**ഉപ മേഖല : വായന**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# പ്രവർത്തനം : 4

**പേര് : അക്ഷരക്കൂട്ടം( വായനാ കോർണർ )**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ഗ്ലാസ് മുറികളിലും | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 4000 |

| | | | | |
|---|---|---|---|---|
| റീഡേഴ്സ് തിയേറ്റർ | പ്രത്യേക വായന കോർണർ ഒരുക്കുന്നു. ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ ഒരു സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 5

**പേര് : സ്കൂൾ ലൈബ്രറി**

**ഉപ മേഖല : വായന**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | PTA പ്രാദേശിക ക്ലബ്ബുകൾ | 5000 |

**പ്രവർത്തനം 6**

**പേര് : ക്ലാസ് കൈയെഴുത്ത് മാഗസിൻ**

**ഉപ മേഖല : ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തെ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

## പ്രവർത്തനം 7

**പേര് : എന്റെ വായന കുറിപ്പുകൾ**

**ഉപ മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസ്സിൽ വായന കാർഡ് വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം 8

**പേര് : രചനോത്സവം**

**ഉപ മേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ്ബ് | 2000 |

| | | | | |
|---|---|---|---|---|
| | രൂപങ്ങൾ മാറ്റിയെഴുതൽ | | | |

## പ്രവർത്തനം 9

**പേര് : സർഗ്ഗ വേള**

**ഉപ മേഖല : പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ ചെറിയ ക്ലാസ്സിൽ വായന കാർഡ് വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം 10

**പേര് : ആശയ അവതരണ രീതിയിലൂടെ സചിത്രപാഠങ്ങൾ രൂപീകരിക്കുക**

**ഉപ മേഖല : ആശയ ഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയശേഷി കൈവരിക്കൽ | പഠന പിന്നാകാവസ്ഥ നേരിടുന്ന കുട്ടികൾക്ക് | ജൂൺ ജൂലൈ | എല്ലാ ക്ലാസ് ടീച്ചർമാരും | 3000 |

| | | | | |
|---|---|---|---|---|
| | പ്രത്യേക പരിശീലനം | | | |

## പ്രവർത്തനം 11

**പേര് : പാട്ട് അരങ്ങ്**

**ഉപ മേഖല : ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച അതിന്റെ അവതരണം സംഘടിപ്പിക്കുന്നു രാഗ താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്ബ് ക്ലാസ് ടീച്ചർ | 4000 |

## പ്രവർത്തനം 12

**പേര് : റീഡേഴ്സ് തിയേറ്റർ**

**ഉപ മേഖല : വായന വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന താൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും ആണ് പ്രധാന ലക്ഷ്യം | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു കഥാനായകർ സംഭാഷണ ശൈലി ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

| | | | | |
|---|---|---|---|---|
| | അഭിനയം വായനയുടെ അവതരണം നടത്തുന്നു | | | |

# ഇംഗ്ലീഷ്

## പ്രവർത്തനം: 1

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപ മേഖല : പ്രകടന വേദികൾ**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

## പ്രവർത്തനം 2

**പേര് : ഇംഗ്ലീഷ് ഡയറി( 3,4ക്ലാസുകളിൽ )**

**ഉപ മേഖല : ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | | | |

## പ്രവർത്തനം 3

**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസുകളിൽ)**

**ഉപ മേഖല : ലേഖനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ- ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ- കേരളം<br>ഡിസംബർ- ക്രിസ്തുമസ്<br>ജനുവരി- ന്യൂ ഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 4

**പേര് : Reading Card Workshop**

**ഉപമേഖല: വായന സാമഗ്രി**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

## പ്രവർത്തനം 5

**പേര് : Work Sheet Workshop**

**ഉപ മേഖല : അധ്യാപക ശാക്തീകരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | ജൂലൈ | SRG | 4000 |

# ഗണിതം

## പ്രവർത്തനം 1

### പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

### ഉപ മേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്ക് പഠനം നേട്ടങ്ങൾ ബന്ധപ്പെടുത്തി വർഷത്തിൽ തയ്യാറാക്കൽ | ഓരോ ടൈമിന്റെയും തുടക്കത്തിൽ | SSG | 4000 |

## പ്രവർത്തനം 2

### പേര് : ഗണിത ലാബ്

### ഉപ മേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതകലാബ് | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000 |

## പ്രവർത്തനം 3

**പേര് : ഗണിത മൂല**

**ഉപ മേഖല : ഗണിതകേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആചരിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി കളിനോട്ട് കാർഡുകൾ തുടങ്ങിയവ ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

## പ്രവർത്തനം 4

**പേര് : യൂണിറ്റ് വിലയിരുത്തൽ**

**ഉപ മേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

## പ്രവർത്തനം 1

**പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല**

**ഉപ മേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിന് അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിടങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കാൻ | ഓരോ ടേമിലും ലും | ക്ലാസ് ടീച്ചർ | 4000 |

## പ്രവർത്തനം 2

**പേര് : എന്റെ പരീക്ഷണം ( കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്**

**ഉപ മേഖല: ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപ്പര്യം വളർത്തുക ശാസ്ത്ര അവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

# രാസ ലഹരി, മൊബൈൽ അഡിക്ഷൻ

## പ്രവർത്തനം 1

**പേര്: ലഹരി രാസലഹരി മൊബൈൽ അഡിക്ഷൻ**

**ഉപമേഖല: ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ വീഡിയോകളിലൂടെ പ്രഭാഷണം ഉപദേശക സംവാദങ്ങൾ പോസ്റ്റർ നിർമ്മാണം കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്നു | അധ്യായന തുടക്കത്തിൽ | ആരോഗ്യവകുപ്പ് പോലീസ് SITC | |

# വിവരസാങ്കേതിക വിദ്യ

## പ്രവർത്തനം 1

**പേര് : വിവരസാങ്കേതികവിദ്യയിൽ പരിശീലനം**

**ഉപ മേഖല : അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗമായ ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | SITC | |

## പ്രവർത്തനം :2

**പേര്: IT ലാബ്**

**ഉപ മേഖല : കമ്പ്യൂട്ടർ വിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ ആഗസ്റ്റ് | SITC | |

# പ്രവർത്തി പരിചയം

**പ്രവർത്തനം 1**

**പേര് :പ്രവർത്തി പരിചയ ശില്പശാല**

## ഉപ മേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവർത്തിപരിചയിനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം ചന്ദനത്തിരി പാവ ചോക്ക് etc | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 2000 |

## പ്രവർത്തനം 2

**പേര്: ഒറിഗാമി**

**ഉപ മേഖല : കരകൗശല പരിശീലനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവർത്തി പരിചയം അനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2000 |

## പ്രവർത്തനം 3

**പേര്: പേപ്പർ ബാഗ് നിർമ്മാണം**

**ഉപ മേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണം പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ മുതൽ മാർച്ച് | SSG | |